**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 862** **10-08-2023 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ച പട്ടികജാതി കോളനികളുടെ പ്രവൃത്തികൾക്ക് തയ്യാറാക്കി നൽകുന്ന എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്നതിന് പട്ടിക ജാതി ഡയറക്ടറേറ്റിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സമയപരിധി നിശ്ചയിച്ചിട്ടില്ല. |
| (ബി) | കുന്ദമംഗലം മണ്ഡലത്തിലെ കല്ലറ കോളനി പദ്ധതി അംഗീകാരത്തിനായി ഏത് തീയതിയിലാണ് ഡയറക്ടറേറ്റിലേക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ആയതിനുള്ള അംഗീകാരം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; | (ബി) | കല്ലറ കോളനിയുടെ എസ്റ്റിമേറ്റ് ജില്ലാ ഓഫീസറുടെ 26.02.2023 ലെ കത്ത് പ്രകാരം 09.03.2023-ൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമാവുകയും പ്രസ്തുത എസ്റ്റിമേറ്റിലെ ന്യൂനതകൾ പരിഹരിച്ച് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 01.07.2023 ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുമുണ്ട്. |
| (സി) | നടപടിക്രമങ്ങളിൽ കാലതാമസം വരുന്നത് പദ്ധതികൾ അനന്തമായി നീണ്ടു പോവുന്നതിന് ഇടയാകുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലതാമസം പരിഹരിക്കുന്നതിന് ഉതകുന്ന രീതിയിൽ അംബേദ്കർ ഗ്രാമം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ